## പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

**ചോദ്യം നമ്പർ. 1137** **12.07.2016-ൽ മറുപടിക്ക്**

### കൊട്ടാരക്കര മുനിസിപ്പാലിറ്റിയുടെ അടിസ്ഥാന സൗകര്യ വികസനം

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീമതി. പി. അയിഷാ പോറ്റി** | **ഡോ. കെ.റ്റി. ജലീൽ**<br>(ബഹു. തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| എ) കൊട്ടാരക്കര മുനിസിപ്പാലിറ്റിയിൽ ആവശ്യമായ ജീവനക്കാരെ നിയമിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; | (എ) മുനിസിപ്പാലിറ്റികളിൽ ആവശ്യമായ ജീവനക്കാരെ നിയമിക്കുന്ന വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. |
| ബി) പ്രസ്തുത മുനിസിപ്പാലിറ്റിയുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി നാളിതുവരെ തുക അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിനുവേണ്ടി എത്ര തുക അനുവദിക്കുമെന്ന് വിശദമാക്കുമോ; | (ബി) 29/03/2016 ലെ സ.ഉ (സാധാ.) നം. 3022/2016/ഫിൻ പ്രകാരം കൊട്ടാരക്കര നഗരസഭയ്ക്ക് 25 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. |
| സി) പ്രസ്തുത മുനിസിപ്പാലിറ്റിയുടെ പരിധിയിൽ വരുന്നതിന് മുൻപ് കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്തിന്റെ അധീനതയിലായിരുന്ന താലൂക്ക് ആശുപത്രിയുടെ പരിപാലന ചുമതല ആരിലാണ് നിക്ഷിപ്തമാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (സി) നിലവിൽ താലൂക്ക് ആശുപത്രിയുടെ പരിപാലന ചുമതല മുനിസിപ്പാലിറ്റിയിൽ നിക്ഷിപ്തമാണ്. |

**സെക്ഷൻ ഓഫീസർ**